15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 303 | 15-07-2022 - ൽ മറുപടിയ്ക്ക്

വർഗ്ഗീയതയും തീവ്രവാദവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മതേതര ജനാധിപത്യ മൂല്യങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്ര ഭരണ നേതൃത്വത്തിന്റെ നയപരിപാടികളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഒരു കൂട്ടരും അത്തരക്കാരെ എതിർക്കാനെന്ന വ്യാജേന മറ്റൊരു കൂട്ടരും സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ച് വർഗ്ഗീയതയും തീവ്രവാദവും വളർത്താൻ സംസ്ഥാനത്ത് നടത്തുന്നതായി പറയപ്പെടുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വർഗ്ഗീയതയും തീവ്രവാദവും വളർത്തി അരക്ഷിതാവസ്ഥ സൃഷ്ടിക്കാനുള്ള വർഗ്ഗീയ തീവ്രവാദ സംഘടനകളുടെ ശ്രമങ്ങൾക്കെതിരെ ശക്തമായ നിരീക്ഷണം നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ അത്തരം ശ്രമങ്ങൾ നിഷ്ഫലമാക്കുന്ന നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്.<br><br>പരസ്പര വിദ്വേഷം വളർത്തി കൊലപാതകങ്ങളിൽ കലാശിക്കുന്ന സംഭവങ്ങൾ ചില ജില്ലകളിൽ ഉണ്ടായത് കണക്കിലെടുത്ത് അവ ആസൂത്രണം ചെയ്യുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള നടപടിയും പോലീസ് സ്വീകരിക്കുന്നുണ്ട്. രഹസ്യമായി നടത്തുന്ന ആയുധ പരിശീലനം, സോഷ്യൽ മീഡിയ പ്രവർത്തനം തുടങ്ങിയവ നിരീക്ഷിച്ച് നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഈ മേഖലകളിൽ പോലീസിന്റെ നിരീക്ഷണത്തിനും ശക്തമായ പ്രവർത്തനങ്ങൾക്കും പുറമേ വിവിധ സാമൂഹിക-രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |
| (ബി) | ഒരു സംഘടന മൂവായിരത്തിലധികം പേരെ സായുധ പരിശീലനം നൽകി അക്രമോത്സുകരാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്ന വാർത്തയുടെ അടിസ്ഥാനത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് പ്രത്യേകം ജാഗ്രത പുലർത്തുമോ; | (ബി) | സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ചില സംഘടനകൾ ആയുധ പരിശീലനം നടത്തുന്നതായി പോലീസിന് അറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയുധം ഉപയോഗിച്ചും അല്ലാതെയുമുള്ള നിയമവിരുദ്ധ പരിശീലന പരിപാടികൾ തടയുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ തീവ്രവാദ |

| | | | |
|---|---|---|---|
| | | | സ്വഭാവമുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് പ്രത്യേക ജാഗ്രത പുലർത്തി വരുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | നെയ്യാറ്റിൻകരയിൽ ഒരു സംഘടനയുടെ കൂട്ട മാർച്ചിൽ പെൺകുട്ടി വാളേന്തി പ്രകടനം നടത്തിയതും വാളേന്തിയത് സ്വയരക്ഷയ്ക്ക് വേണ്ടിയാണെന്ന് ഒരു കേന്ദ്ര സഹമന്ത്രി പ്രസ്താവിച്ചതുമായുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി മാതൃകാപരമായ നടപടി ഉറപ്പാക്കുമോ? | (സി) | ഈ സംഭവത്തിൽ ആര്യൻകോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 373/2022 u/s 143,144,147,153,149 IPC & 4 r/w 25(1-B) (b) of Arms Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ